# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## 2017 ആഗസ്റ്റ് 21, തിങ്കൾ

## കാര്യവിവരപ്പട്ടിക

1. **ചോദ്യങ്ങൾ** :
പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

2. **ശ്രദ്ധക്ഷണിക്കൽ** :
(1) സംസ്ഥാനത്തെ ഒറ്റ യൂണിറ്റായി കണക്കാക്കി റവന്യൂ, വനം വകുപ്പുകൾ സംയുക്ത സർവ്വെ നടത്തുന്നതുമൂലം ഭൂമിയുടെ രേഖ ലഭിക്കുന്നതിൽ കർഷകർ നേരിടുന്ന കാലതാമസത്തിലേക്ക് ശ്രീ. സി. കെ. ശശീന്ദ്രൻ റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.
(2) വിവിധ നാണ്യവിളബോർഡുകളെ നിർത്തലാക്കുന്നതിനോ ഏകീകരിക്കുന്നതിനോ ഉള്ളതായി പറയപ്പെടുന്ന നീക്കത്തിൽ നിന്ന് പിൻമാറുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ.സി.ജോസഫ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

3. **റിപ്പോർട്ടുകളുടെ സമർപ്പണം** :
(1) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ശ്രീ.മുരളി പെരുനെല്ലി കമ്മിറ്റിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.
(2) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ശ്രീമതി പി.അയിഷാ പോറ്റി സമിതിയുടെ നാലും അഞ്ചും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്.

4. **ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന** :
സംസ്ഥാനത്തെ മഴക്കുറവും അതുമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ കൈക്കൊള്ളാനുദ്ദേശിക്കുന്ന സത്വര നടപടിയും സംബന്ധിച്ച്, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചട്ടം 300 അനുസരിച്ച് ഒരു പ്രസ്താവന നടത്തുന്നതാണ്.

5. **ഗവൺമെന്റ് പ്രമേയം:**

അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് 2002–ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ടിലെ വ്യവസ്ഥകൾ ബാധകമാക്കുന്നതൊഴിവാക്കണമെന്ന ആവശ്യം സംബന്ധിച്ച പ്രമേയം മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ അവതരിപ്പിക്കുന്നതാണ്.

(പ്രമേയത്തിന്റെ പകർപ്പ് നേരത്തേ വിതരണം ചെയ്തിട്ടുണ്ട്)

6. **നിയമനിർമ്മാണകാര്യം :**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും :

(i) 2017–ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ.

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(ii) 2017–ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ.

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, വി.കെ.ബാബുപ്രകാശ്,
തിരുവനന്തപുരം, സെക്രട്ടറി.
2017 ആഗസ്റ്റ് 20.

**FOURTEENTH KERALA LEGISLATIVE ASSEMBLY**
**Seventh Session**

*Monday, August 21, 2017*

## LIST OF BUSINESS

I. **Questions**:
Questions entered in the separate list to be asked and answered.

II. **Calling Attention**:
(1) Shri.C.K.Saseendran to call the attention of the Minister for Revenue and Housing to the delay faced by farmers, in getting documents pertaining to land, due to carrying out of joint survey by Revenue and Forest Departments considering the State as a single unit.
(2) Shri.K.C.Joseph to call the attention of the Chief Minister to exert pressure on the Central Government to recede from the reported move to wind up or integrate the various Cash Crop Boards.

III. **Presentation of Reports:**
(1) Shri.Murali Perunelly, Chairman, Committee on Subordinate Legislation to present the Eleventh Report of the Committee.
(2) Smt.P.Aisha Potty, Chairperson, Committee on the Welfare of Women, Children and Physically Handicapped to present the Fourth and Fifth Reports of the Committee.

IV. **Statement under Rule 300:**
Shri Pinarayi Vijayan, Chief Minister to make a statement under Rule 300, regarding the deficit in rainfall in the State and the urgent step intended to be taken by the Government to solve its consequent problems.

**V. Government Resolution:**

Shri. Pinarayi Vijayan, Chief Minister to move the Resolution urging to not make applicable, the provisions in the Securitisation and Reconstruction of Financial Assets and Enforcement of Security Interest Act, 2002, to the liability against the security of land within five cents encompassing house.

(Copy of the Resolution already circulated)

**VI. Legislative Business:**

Motion for consideration and further stages of the following Bills as reported by the Subject Committee:

(i) The Kerala Co-operative Societies (Amendment) Bill, 2017.

(Discussion to be concluded)

(ii) The Kerala Medical Education (Regulation and Control of Admission to Private Medical Educational Institutions) Bill, 2017.

(Discussion to be concluded)

Secretariat of the Kerala Legislature,
Thiruvananthapuram,
August 20, 2017

V.K.Babu Prakash,
Secretary.